64055
19 OCT 2012
35223/10

കേരള സർക്കാർ

സംഗ്രഹം

ആഭ്യന്തര വകുപ്പ് - പോലീസ് ജീവനക്കാര്യം - ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി 100 അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേന (State Disaster Relief Force (SDRF) രൂപീകരിച്ചു ഉത്തരവാകുന്നു

---

ആഭ്യന്തര (എ) വകുപ്പ്

സ.ഉ. (കൈയെഴുത്ത്) നം.262/2012/ആഭ്യ. തിരുവനന്തപുരം, തീയതി:17/10/2012

---

പരാമർശം:- സ.ഉ (സാധാ) നമ്പർ 3593/2010/ആഭ്യന്തരം തീയതി 30.11.2010

ഉത്തരവ്

പരാമർശം (1) ലെ ഉത്തരവ് പ്രകാരം 801 അംഗങ്ങളുള്ള ദ്രുത പ്രതികരണരക്ഷാപ്രവർത്തനസേനയെ (Rapid Response and Rescue Force - RRRF) ദുരന്തനിവാരണം (Disaster Relief), സവിശേഷ വ്യക്തികളുടെ സുരക്ഷ (VIP Security), അടിയന്തര രക്ഷ (Emergency Response) എന്നീ മൂന്നു വിഭാഗങ്ങളായി തിരിച്ച് യഥാക്രമം 300, 199, 200 വീതം അംഗങ്ങളെ ഉൾപ്പെടുത്തി പുന:സംഘടിപ്പിച്ചിരുന്നു. എന്നാൽ നിലവിലുള്ള ദുരന്തനിവാരണ സേനാംഗങ്ങളെ, പ്രസ്തുതപ്രവർത്തനം കൂടാതെ സവിശേഷ വ്യക്തികളുടെ സുരക്ഷ, ജനറൽ ഡ്യൂട്ടി തുടങ്ങിയവയ്ക്കും നിയോഗിക്കാറുണ്ട്.

2) ഈ സാഹചര്യത്തിൽ ദുരന്തനിവാരണ പ്രവർത്തനങ്ങൾക്ക് മാത്രമായി ഒരു സേന ആവശ്യമാണെന്ന് സർക്കാരിന് ബോധ്യപ്പെട്ടതിനാൽ, 100 അംഗങ്ങളുള്ള സംസ്ഥാന ദുരന്ത നിവാരണ സേന (State Disaster Relief Force -SDRF) രൂപീകരിച്ചു ഇതിനാൽ ഉത്തരവാകുന്നു. ഈ സേനയിലേക്കുള്ള അംഗങ്ങളെ പോലീസ് സേനയിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കുന്നതും ഇവർക്ക് ദേശീയ ദുരന്തനിവാരണ സേനയുടെ (National Disaster Response Force- NDRF)

കൾക്ക് വിദഗ്ധ പരിശീലനം നല്കുന്നതുമാണ്. ഇപ്രകാരം നിയമിക്കപ്പെടുന്നവരെ ദുരന്ത നിവാരണത്തിനായി മാത്രം ഉപയോഗിക്കുന്നതാണ്. ഇതുമൂലം പോലീസ് സേനയിൽ ഉണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി വ്യവസ്ഥിതമായ നിയമന രീതി (Regular Recruitment) സ്വീകരിക്കുന്നതാണ്.

ദുരന്തനിവാരണ സേനാംഗങ്ങളുടെ പരിശീലനത്തിനും തുടർന്നുള്ള പ്രവർത്തനത്തിനും ആവശ്യമായ അത്യാധുനിക ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള വിശദമായ നിർദ്ദേശം സംസ്ഥാന പോലീസ് മേധാവി, റവന്യൂ (ദുരന്ത നിവാരണ -Disaster Management) വകുപ്പിന് സമർപ്പിക്കേണ്ടതും പ്രസ്തുത നിർദ്ദേശം പരിശോധിച്ച് അനുയോജ്യ നടപടികൾ റവന്യൂ (ദുരന്ത നിവാരണ) വകുപ്പ് സ്വീകരിക്കുന്നതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
**സാജൻ പീറ്റർ**
**പ്രിൻസിപ്പൽ സെക്രട്ടറി**

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ & ഇ) തിരുവനന്തപുരം.
റവന്യൂ (ദുരന്തനിവാരണ - Disaster Management ) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**